1. അംഗൻവാടി ജീവനക്കാർക്ക് പ്രതിമാസം 100 രൂപ അധിക ഓണറേറിയം നൽകിവരുന്നു.

2. തുടർച്ചയായോ ഇടവിട്ടോ 2 വർഷത്തെ സേവനം പൂർത്തിയാക്കിയ വർക്കർമാരെയും ഹെൽപ്പർമാരെയും സ്ഥിരപ്പെടുത്തുന്നതിനുള്ള ഉത്തരവ് നൽകി.

3. വിദേശത്തു പോകുന്നതിന് 3 വർഷം വരെ വേതനം ഇല്ലാത്ത അവധി അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

4. പത്തു വർഷത്തെ സേവനം ദൈർഘ്യമുള്ള അംഗൻവാടി വർക്കർമാർക്ക് സൂപ്പർവൈസർ തസ്തികയിലേക്ക് 25% ഒഴിവുകൾ സംവരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

5. സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

(ഇ) ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ ബന്ധപ്പെടുന്ന അംഗൻവാടി ജീവനക്കാർക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ ഒന്നും ഈ വകുപ്പിൽ നിന്നും നൽകുന്നില്ല. എന്നാൽ "കുടുംബശ്രീ" പദ്ധതിയുടെ പരിപാടികളിൽ ഏർപ്പെടുന്ന വർക്കർമാർക്ക് 100 രൂപ പഞ്ചായത്തുകൾ മുഖേന അധിക ഓണറേറിയമായി നൽകുന്നുണ്ട്.

(എഫ്) "കുടുംബശ്രീ" പദ്ധതിയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവർക്കു മാത്രമേ ഈ ആനുകൂല്യം നൽകുന്നുള്ളൂ. ഹെൽപ്പർമാരെ ഇതിൽ പങ്കെടുപ്പിക്കാത്തതിനാൽ ഈ ആനുകൂല്യം അവർക്ക് നൽകുന്നില്ല.

(ജി) ഉണ്ട്. ചേർപ്പ് ബ്ലോക്കിൽ 2000-2001 വർഷം അംഗൻവാടികൾ ആരംഭിച്ച് പ്രവർത്തനം തുടങ്ങുന്നതാണ്.

74 (2222) ഭൂപരിഷ്ക്കരണ നടപടികളുടെ ഭാഗമായി മുഴുവൻ ഭൂമിയും നഷ്ടപ്പെട്ടവർക്ക് പെൻഷൻ

ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണ നടപടികളുടെ ഭാഗമായി മുഴുവൻ ഭൂമിയും നഷ്ടപ്പെട്ട എത്ര കുടുംബങ്ങളുണ്ട്;

(ബി) ഇവരിൽ എത്ര പേർക്ക് ഇതുവരെ പെൻഷൻ നൽകി;

(സി) ഭൂപരിഷ്ക്കരണ നടപടിയുടെ ഭാഗമായി ഭൂമി മുഴുവൻ നഷ്ടപ്പെട്ടവരിൽ സർക്കാരുദ്യോഗമോ സ്വയം തൊഴിലോ ഇല്ലാത്ത എല്ലാവർക്കും പെൻഷൻ നൽകുവാൻ പരിപാടിയുണ്ടോ;

(ഡി) ഇപ്പോൾ എന്തു തുക വീതമാണ് പെൻഷൻ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂപരിഷ്ക്കരണംമൂലം മുഴുവൻ ഭൂമിയും നഷ്ടപ്പെട്ട കുടുംബങ്ങളുടെ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭൂപരിഷ്ക്കരണം നടപടിമൂലം ഭൂമി നഷ്ടപ്പെട്ട 133 മുൻ ജന്മിമാർക്ക് പെൻഷൻ അനുവദിച്ച് പെൻഷൻ തുക നൽകിവരുന്നു.

(സി) വാർഷിക വരുമാനം 12000 രൂപയിൽ കവിയാത്തവരും 50 സെന്റിലധികം ഭൂമി കൈവശം ഇല്ലാത്തവരും ഭൂപരിഷ്ക്കരണംമൂലം ഒരു ഏക്കർ ഭൂമിയെങ്കിലും നഷ്ടമായവരും 60 വയസ് കഴിഞ്ഞവരും മറ്റു പെൻഷൻ ഒന്നും ലഭിക്കാത്തവരുമായ മുൻ ഭൂവുടമകൾക്കാണ് പെൻഷൻ അർഹതയുള്ളത്.

(ഡി) പ്രതിമാസം 300 രൂപ.

75 (2223) താലൂക്ക്സഭകളുടെ പ്രവർത്തനം

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് സഭകൾ എന്നാണ് നിലവിൽ വന്നത്; അതിന്റെ ചുമതലകൾ എന്തെല്ലാം;

(ബി) താലൂക്ക് സഭകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) താലൂക്ക് സഭകൾ മറ്റു വകുപ്പുകളിലേക്ക് തീർപ്പിനുവേണ്ടി അയച്ചു കൊടുക്കുന്ന അപേക്ഷകളിൻമേൽ ഒരു മാസത്തിനകം തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) താലൂക്ക് സഭകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ജില്ലാ തലത്തിലും താലൂക്കുതലത്തിലും പ്രത്യേക സെല്ലുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് താലൂക്ക് സഭകൾ 1992, സെപ്റ്റംബറിൽ നിലവിൽ വന്നു. താലൂക്ക് സഭകളുടെ ചുമതലകൾ ഇനിപറയുന്നവയാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 500/- രൂപ വരെയുള്ള ധനസഹായം നൽകുക, വിധവകളുടെ പെൺമക്കളുടെ കല്യാണത്തിനുള്ള ധനസഹായാഭ്യർത്ഥന സമർപ്പിക്കുന്നതിനുള്ള കാലതാമസം, കല്യാണത്തിന് ശേഷം 3 മാസം വരെ ഇളവു ചെയ്തു കൊടുക്കുകയും, അത്തരം കേസ്സുകളിൽ ധനസഹായം അനുവദിക്കുകയും ചെയ്യുക, നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രകൃതിക്ഷോഭത്തിന് ഇരയാകുന്നവർക്ക് ധനസഹായം അനുവദിക്കുക, കേന്ദ്ര സർക്കാർ അനുമതിയോടുകൂടി പി.എ.ജി.എസ്. ആന്റ് എച്ച്.യു.റ്റി. ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്ന കൈരളി ഹൗസിംഗ് ലോൺ അനുവദിക്കുക, വിതരണം ചെയ്യാതെ തിരിച്ചുവരുന്ന പെൻഷൻ കുടിശ്ശിക അനുവദിക്കുക, മരണപ്പെട്ട പെൻഷൻകാരുടെ പെൻഷൻ കുടിശ്ശിക അനന്തരാവകാശികൾക്ക് അനുവദിക്കുക, അഗതി പെൻഷൻ അനുവദിക്കുക, റോഡപകടങ്ങളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള കാലതാമസം

LIBRARY ARCHIVES Kerala Legislative Assembly